# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 802      11.06.2014 ൽ മറുപടിയ്ക്ക്

## <u>പറമ്പിക്കുളം-ആളിയാർ കരാർപ്രകാരമുള്ള ജലം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട മുഴുവൻ വെള്ളവും ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) പറമ്പിക്കുളം-ആളിയാർ പദ്ധതി യിൽ (പി. എ. പി.) നിന്ന് കൊടിയ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലൊഴികെ കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും ലഭിച്ചിട്ടുണ്ട്. പി. എ. പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം; ലഭ്യമാക്കുന്നതിലേക്കായി സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) യോഗങ്ങളിൽ ശക്തമായി വാദിക്കാറുണ്ട്. കൂടാതെ കേരളത്തിന് അർഹതപ്പെട്ട ജല വിഹിതം ലഭ്യമാക്കുന്നതിന് സർക്കാർതലത്തിലും സമയോചിതമായി ഇടപെടാറുണ്ട്. ഇത്തരം നടപടികളിലൂടെ അർഹതപ്പെട്ട ജലം മിക്ക വർഷങ്ങളിലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി. എ. പി കരാർ അനുസരിച്ച് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ നടപടികൾക്കെതിരെ |

സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹു: സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ തുടർനടപടികൾ ആയിട്ടില്ല.

(ബി) 2013-14 വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം എത്രയെന്നും, ലഭിച്ചത് എത്രയെന്നും വിശദമാക്കുമോ;

(ബി) പി. എ. പി. കരാർ പ്രകാരം കേരളത്തിന് ഒരു ജല വർഷം ലഭിക്കേണ്ട ജലം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7,250 എം.സി.എഫ്.റ്റി ജലം കേരളാതിർത്തിക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2) ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12300 എം.സി.എഫ്.റ്റി ജലം കേരളത്തിനു അവകാശപ്പെട്ടതാണ്.

3) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്.

2013 - 2014 ജലവർഷത്തിൽ, ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനായി മണക്കടവു വിയറിൽ ലഭിക്കേണ്ട 7,250 എം.സി.എഫ്.റ്റി ജലത്തിന്റെ സ്ഥാനത്ത് 2014 മേയ് 31 വരെ 7371 എം.സി.എഫ്.റ്റി ജലം കിട്ടിയിട്ടുണ്ട്. അതുപോലെ കേരള ഷോളയാറിൽ ലഭിക്കേണ്ട 12,300 എം.സി.എഫ്.റ്റി ജലത്തിന്റെ സ്ഥാനത്ത് 12,664.55 എം.സി.എഫ്.റ്റി ജലം കിട്ടിയിട്ടുണ്ട്. കൂടാതെ നീരാറിൽ നിന്ന് 2013 ഒക്ടോബർ 1 മുതൽ 2014 ജനുവരി 31 വരെയുള്ള ജലവിഹിതമായി കേരളത്തിന് 950.35 എം.സി.എഫ്.റ്റി ജലം കിട്ടിയിട്ടുണ്ട്.

ഇതിനുപുറമേ കേരള ഷോളയാർ റിസർവോയറിൽ സെപ്റ്റംബർ 1 നും ഫെബ്രുവരി 1 നും ഫുൾ റിസർവോയർ ലെവൽ (എഫ്.ആർ.എൽ) ആയ 2663 അടിയിൽ നിലനിർത്തണം എന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടുണ്ട്.

(സി).പ്രസ്തുത കരാർപ്രകാരം കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും സ്ഥിരമായി ലഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി. എ. പി.) യിൽ നിന്ന് കൊടിയ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലൊഴികെ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുണ്ട്. കേരളത്തിന് പി. എ. പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായി ആവശ്യപ്പെടാറുണ്ട്. കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിലും സമയോചിതമായി ഇടപെടാറുണ്ട്.

മേൽ സൂചിപ്പിച്ച നടപടികളിലൂടെ അർഹതപ്പെട്ട ജലം മിക്ക വർഷങ്ങളിലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം-ആളിയാർ പദ്ധതി (പി. എ. പി.) യിൽ നിന്ന് ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി. എ. പി. കരാർ വ്യവസ്ഥാലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കേരള സർക്കാർ 30.01.2013-ൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ, കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടുപോകാനാണ്

പൊതുവെ ധാരണയായത്. ഇതിൻെറ അടിസ്ഥാനത്തിൽ വിദഗ്ധാഭിപ്രായം കൂടി ആരാഞ്ഞശേഷം 16.04.2013-ന് തമിഴ്നാടിനെതിരായി ബഹു.സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും, ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്യുകയുണ്ടായി. കേസിൻെറ തുടർനടപടികൾ ബഹു. സുപ്രീംകോടതിയിൽ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ